കേരള സർക്കാർ

# മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(ബി.പി.)352/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 27.03.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(ബി.പി.)352/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 27.03.2017

## എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂവാറ്റുപഴ ബ്ലോക്ക് പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത്15.02.2016 മുതൽ 12.02.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ധന്യ ബാലകൃഷ്ണൻ,ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.02.2017 മുതൽ 20.02.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ |
| | ജലജ.എം.കെ., അസി. ഓഡിറ്റ് ഓഫീസർ |
| | നവാസ്. സി.എം., ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | അസീസ് പാണ്ട്യാരപ്പിള്ളി | 01.04.15 മുതൽ 31.10.15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.15 മുതൽ 18.11.15 വരെ |
| | മേരി ബേബി | 19.11.15 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| സെക്രട്ടറി | വി.എം.നാസർഖാൻ | 01.04.15 മുതൽ 08.02.16 വരെ |
| | പി.ജി. കണ്ണൻനായർ | 09.02.16 മുതൽ 03.03.16 വരെ |
| | നൈസി റഹ്മാൻ | 03.03.16 മുതൽ 31.03.16 വരെ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | | |
| ധനകാര്യം | സീനത്ത് ഉസ്മാൻ | 01.04.15മുതൽ 31.10.15വരെ |
| | ചിന്നമ്മ ഷൈൻ | 30.11.15മുതൽ 31.03.16വരെ |
| വികസനകാര്യം | സിന്ധു ബെന്നി | 01.04.15മുതൽ 31.10.15വരെ |
| | ജാൻസി ജോർജ്ജ് | 30.11.15മുതൽ 31.03.16വരെ |
| ക്ഷേമകാര്യം | സാറാമ്മ ജോൺ | 01.04.15മുതൽ 31.10.15വരെ |
| | ഒ.പി. ബേബി | 30.11.15മുതൽ 31.03.16വരെ |
| ആരോഗ്യം& വിദ്യാഭ്യാസം | ബെസ്റ്റിൻ ചേറ്റൂർ | 01.04.15മുതൽ 31.10.15വരെ |
| | ജോണി ജോളി വട്ടക്കുഴി | 30.11.15മുതൽ 31.03.16വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എക്സി. എഞ്ചിനീയർ | ശ്രീ സുന്ദർലാൽ എ.ആർ | 01.04.15 മുതൽ 31.03.16 വരെ |
| സി.ഡി.പി.ഒ | ക്ളെയർ ഡ്യൂറോം | 01.04.15 മുതൽ 02.06.15 വരെ |
| | കെ. ഗീത | 03.06.15 മുതൽ 22.06.15 വരെ |
| | ക്ളെയർ ഡ്യൂറോം | 23.06.15 മുതൽ 20.07.15 വരെ |
| | ശാന്തകുമാരി . പി.ആർ | 21.07.15 മുതൽ 31.03.16 വരെ |
| എസ്.സി.ഡി.ഒ. | ലിജി ആന്റണി | 04.06 .15 മുതൽ 11.07.15 വരെ |
| | എസ്. രാജീവ് | 12.07.15 മുതൽ 30.07.15 വരെ |
| | അൻവർ എൻ. എച്ച്. | 31.07.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ജയിംസ് മാണി | 01.04.15 മുതൽ 30.05.15 വരെ |
| | ഡോ. ബൈജു. ടി. എസ്. | 31.05.15 മുതൽ 09.12.15 വരെ |
| | ഡോ.ഇന്ദു. ആർ. | 10.12.15 മുതൽ 06.01.16 വരെ |
| | ഡോ.മോഹൻദാസ്. | 07.01.16 മുതൽ 31.03.16 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ഷീല പ്രസാദ് | 01.04.15 മുതൽ 31.03.16 വരെ |
| ഡയറി എക്സ്റ്റൻ ഓഫീസർ | കെ. പൗലോസ് | 01.04.15 മുതൽ 31.03. 16 വരെ |
| ഇൻഡസ്ട്രിയിൽ എക്സ്റ്റൻഷൻ ഓഫീസർ | അബ്ദുൾ നസീർ വി. എച്ച്. | 01.04.15 മുതൽ 24.04.15 വരെ |
| | സ്മിത ജേക്കബ് | 25.04.15 മുതൽ 30.05.15 വരെ |
| | പ്രിയ പോൾ | 31.05.15 മുതൽ 03.12.15 വരെ |
| | അബ്ദുൾ നസീർ വി. എച്ച്. | 04.12.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം



| ക്രമനം. | ഭാഗം - 1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |

| | | |
|---|---|---|
| 4 | ഫണ്ട് വിനിയോഗം-2015-16 | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| | ഭാഗം - 2 | |
| 9 | വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം | 2-1 |
| 10 | വാടക ഈടാക്കിയതിലെ അപാകതകൾ - നഷ്ടം ₹.10,600/- | 2-2 |
| | ഭാഗം - 3 | |
| 11 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – തടസ്സം ₹.11,65,000/- | 3-1 |
| 12 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത വിഷയം നിർവ്വഹണം നടത്തിയത് സംബന്ധിച്ച് | 3-2 |
| 13 | വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല – തടസ്സം₹. 83,451/- | 3-3 |
| 14 | തുക വിനിയോഗിച്ചതിന്റെ രേഖകൾ ഇല്ല – തടസ്സം ₹.10,400/- | 3-4 |
| 15 | സ്കൂളുകളിൽ ജൈവ പച്ചക്കറി കൃഷി ചെയ്തതിന് രേഖകൾ ഇല്ല – തടസ്സം ₹.10,000/- | 3-5 |
| 16 | തുടർവിദ്യാ കലോത്സവം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല തടസ്സം - ₹.3,000/- | 3-6 |
| 17 | വായ്പ കുടിശ്ശിക അടയക്കുന്നില്ല | 3-7 |
| 18 | ഐ.എ.വൈ.ഭവന പദ്ധതി പൂർത്തീകരിച്ചില്ല | 3-8 |
| 19 | ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കാത്തത് | 3-9 |
| 20 | ഇ-ടെൻഡറിൽ ലഭ്യമായ ടെൻഡർ ഫോറവിലയുടെ കണക്ക് സംബന്ധിച്ച് | 3-10 |
| | ഭാഗം - 4 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2015-16 | അനുബന്ധം-I |
| 31 | ബാലൻസ് ഷീറ്റ് – 2015-16 | അനുബന്ധം-II |
| 32 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം-III |
| 33 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം-IV |

# ഭാഗം 1

## 1-1 ബജറ്റ്

2015-16ലെ ബജറ്റ് 18.03.2015ലെ തീരുമാനം ഒന്ന് പ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | യഥാർത്ഥത്തിൽ | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വരവ് | 28,50,29,800 | 8,71,69,850 | 19,78,59,950 | 69.41% |
| ചെലവ് | 28,50,18,750 | 7,90,66,269 | 20,59,52,481 | 72.26% |

യഥാർത്ഥ്യ ബോധമില്ലാതെ ബജറ്റ് തയ്യാറാക്കുന്നതു മൂലമാണ് ബജറ്റ് പ്രകാരമുള്ള വരവും ചെലവും യഥാർത്ഥ വരവും ചെലവും തമ്മിൽ ഇത്തരത്തിൽ വലിയ അന്തരം ഉണ്ടാകാൻ കാരണം. ഭാവിയിൽ ഇത്തരം അപാകത നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31/07/2016 | 11.08.2016 |

വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,73,94,269 |
| വരവ് | 8,71,69,850 |
| ആകെ | 10,45,64,119 |
| ചെലവ് | 7,90,66,269 |
| നീക്കിയിരിപ്പ് | 2,54,97,850 |

## 1-4 ഫണ്ട് വിനിയോഗം-2015-16

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 215336 | 2,42,67,906 | 2,44,83,242 | 2,44,83,242 | - | 100% |
| വികസനഫണ്ട് എസ്.സി.പി. | 1165 | 53,16,000 | 5317165 | 5317165 | - | 100% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2,73,000 | 2,73,000 | 2,73,000 | - | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | - | - | - | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 66,591 | 33,84,979 | 34,51,570 | 34,51,570 | - | 100% |

## 1-5 പദ്ധതി അവലോകനം